**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 949** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ വനം- വന്യജീവി വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ വനം- വന്യജീവി വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ആലത്തൂർ മണ്ഡലത്തിൽ എല്ലാ വർഷവും ഹരിതകേരളം പദ്ധതി പ്രകാരം വൃക്ഷത്തൈകൾ ഉല്പ്പാദിപ്പിച്ച് സ്കൂളുകൾ, കോളേജുകൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. ഇപ്രകാരം 2021-22 വർഷത്തിൽ 73,000 തൈകളും, 2022-23 വർഷത്തിൽ 14,000 തൈകളും, 2023-24 വർഷത്തിൽ 30,000 തൈകളും ഉല്പ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം, ചിതലി ഭവൻസ് വിദ്യാമന്ദിർ സ്കൂളിൽ 2023-24 വർഷത്തിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>പീച്ചി വന്യജീവി ഡിവിഷനിലെ ചൂലന്നൂർ മയിൽ സങ്കേതത്തിൽ മയിൽ മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br><br>പാലക്കാട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷനിൽ നെല്ലിയാമ്പതി ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ഓഫീസ് കെട്ടിടവും, റെയിഞ്ച് ഓഫീസർ ക്വാർട്ടേഴ്സും NABARD-RIDE-TRANCHE XXVI പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചുവരുന്നു.<br><br>നെന്മാറ വനം ഡിവിഷനിലെ ആലത്തൂർ റെയിഞ്ചിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് തുടങ്ങിയ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ആലത്തൂർ റെയിഞ്ചിന് കീഴിലെ മംഗലം ഡാം ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ NABARD-RIDF- TRANCHE XXX പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>ചൂലന്നൂർ മയിൽ സങ്കേതത്തിന്റെ Revamping Choolannur Ecotourism Proposal അംഗീകാരത്തിനായി സമർപ്പിക്കുകയും 28.10.2023-ലെ ഇക്കോടൂറിസം ക്ലീയറിംഗ് കമ്മിറ്റി മീറ്റിംഗിൽ 40 ലക്ഷം രൂപ പദ്ധതിക്ക് അംഗീകാരം നൽകുകയും മാനേജ്മെന്റ് പ്ലാനിൽ പരാമർശിച്ചിട്ടുള്ള നിലവിലെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | പദ്ധതി | പ്രവൃത്തിയുടെ വിശദവിവരം | നടപ്പിലാക്കിയ പ്രദേശം | റിമാർക്സ് |
|---|---|---|---|---|
| 1. | മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കൽ | സൗരോർജ്ജ വേലി– 1 km | VRT-Mangalamdam | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | | സൗരോർജ്ജ വേലി– 1 km | Kava - Mangalamdam | |
| 3. | | സൗരോർജ്ജ വേലി– 1.5 km | Corporationkadu-Mangalamdam | |
| 4 | | സൗരോർജ്ജ വേലി– 1.5 km | Memala – Pothanthodu – Mangalamadam | |
| 5 | | സൗരോർജ്ജ തൂക്കുവേലി– 2 km | Memala – Pothanthodu – Mangalamadam | |
| 6 | അടിസ്ഥാന സൗകര്യ വികസനം | പുതിയ ആലത്തൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് കെട്ടിടം | ആലത്തൂർ റെയിഞ്ച് | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 7 | | പുതിയ ആലത്തൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ക്വാർട്ടേഴ്സ് | ആലത്തൂർ റെയിഞ്ച് | |